# തെരുവുവിളക്കുകൾ സ്മാർട്ടാകും



**ആൻസ് ട്രീസ ജോസഫ്**

**തിരുവനന്തപുരം**

നഗരത്തിലെ തെരുവുകളെല്ലാം ഇനി എൽഇഡി ലൈറ്റിൽ പ്രകാശിക്കും. കോർപറേഷനിലെ 100 വാർഡിനെ മൂന്ന് ഡിവിഷനായി തിരിച്ച് പൂർണമായും എൽഇഡിയിലേക്ക് മാറ്റും. നിലവിലുള്ള വിളക്കുകൾക്ക് പുറമെ പുതുതായി ഇടുന്നവയാണ് ആദ്യഘട്ടത്തിൽ മാറ്റുന്നത്. ബാക്കിയുള്ളവയും ഈ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും.

തീരപ്രദേശങ്ങളിലെ ഉപയോഗത്തിന് പൗഡർ കോട്ടഡ് എൽഇഡി ലൈറ്റുകൾ വാങ്ങും. ഇതോടെ കുറഞ്ഞ വൈദ്യുതി ഉപഭോഗവും ദീർഘകാല ഉപയോഗവുമാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോഴുള്ളതിനെക്കാളും 40 ശതമാനം വൈദ്യുതി ഉപഭോഗവും ചാർജും കുറയ്ക്കാനാകുമെന്നാണ് കോർപറേഷന്റെ വിലയിരുത്തൽ. 12 കോടിയോളം രൂപയാണ് വൈദ്യുതി ചെലവുകൾക്കായി കോർപറേഷൻ വഹിക്കുന്നത്. എൽഇഡി തെരുവുവിളക്കുകൾ വാങ്ങാൻ മൂന്ന് കോടി രൂപ ഈ സാമ്പത്തിക വർഷത്തിലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സ്വകാര്യ പങ്കാളിത്തത്തോടെയാകും പദ്ധതി നടപ്പാക്കുക. ആവശ്യസാധനങ്ങൾ വാങ്ങൽ, കരാർ കാലാവധിയിലെ വൈദ്യുത തുക എന്നിവ സ്വകാര്യ പങ്കാളിയുടെ ചുമതലയാണ്.

സ്മാർട്ട് സ്ട്രീറ്റ് ലൈറ്റ് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് (സിസിഎംഎസ്) മാറാനാണ് അടുത്ത ഘട്ടമായി കോർപറേഷന്റെ തീരുമാനം. സ്ഥാപിച്ച വിളക്കുകൾ കത്താത്തതിന്റെ കാരണം കണ്ടെത്തി ഉടൻ പരിഹരിക്കുന്നതാണ് സിസിഎംഎസ് സംവിധാനം. ഇതിലേക്ക് മാറുന്നതോടെ വിളക്കുകൾ കേടായി 24 മണിക്കൂറിനകം മാറ്റി സ്ഥാപിക്കുകയോ അറ്റകുറ്റപ്പണി നടത്തുകയോ വേണം. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്ന് പിഴഈടാക്കും. പദ്ധതിക്കുള്ള ലേല നടപടികൾ ഉടൻ നടക്കും. ജൂണിൽ ആദ്യഘട്ടം പൂർത്തീകരിച്ചേക്കും.കെഎസ്ഇബിയുടെ മൂന്നു ഡിവിഷനിലായി 1,20,000 തെരുവുവിളക്കുണ്ട്. പല സ്ഥലങ്ങളിലുമുള്ള തെരുവുവിളക്കുകൾ ആവശ്യാനുസരണത്തിലുള്ള വോൾട്ടേജിലല്ല എന്ന പരാതിക്കുള്ള പരിഹാരമാകും പൂർണ എൽഇഡി വൽക്കരണവും സ്മാർട്ട് സ്ട്രീറ്റ് ലൈറ്റ് മാനേജ്മെന്റ് സംവിധാനവും. കൂടാതെ ടൂറിസവുമായി ചേർന്നുള്ള നൈറ്റ് ലൈഫ് പദ്ധതിക്കും ഇത് മുതൽക്കൂട്ടാകും.

# സിസ്ധുവിന് കൂട്ടുകാരുടെ പൊൻമുത്തം

**ശ്രീചിത്ര ഹോമിലെ മുൻ അന്തേവാസികളുടെ കൂട്ടായ്മ ഒരേസമയം ആഹ്ലാദവും ദുഃഖവും കലർന്നതായി**

**അശ്വതി ജയശ്രീ**

**തിരുവനന്തപുരം**

മുട്ടറ്റം പിന്നിയിട്ട മുടിയുമായി ശ്രീചിത്ര ഹോമിന്റെ മുറ്റത്ത് ഓടിക്കളിച്ചുനടന്ന സിസ്ധുവിന് പതിറ്റാണ്ടുകൾക്കു ശേഷമുള്ള മടങ്ങിവരവിൽ ആശങ്കയുണ്ടായിരുന്നു. തലയിൽ മുടിയില്ലല്ലോ എന്ന അപകർഷതാബോധമായിരുന്നു ആദ്യം. പക്ഷേ കൂട്ടുകാരികളുടെ സ്നേഹവിളി കേൾക്കാതിരിക്കാനായില്ല. ശ്രീചിത്ര ഹോമിലേക്കുള്ള വരവ് അങ്ങനെ സിസ്ധുവിന് ഓർമകളിലേക്കുള്ള തിരിച്ചുപോക്കായി. പഴവങ്ങാടി ശ്രീചിത്ര ഹോമിലെ മുൻ അന്തേവാസികളുടെ സംഗമത്തിലായിരുന്നു ഈ കാഴ്ച.

അർബുദബാധിതയായി ആർസിസിയിൽ ചികിത്സയിലാണ് സിസ്ധു. കീമോതെറാപ്പിയും ശസ്ത്രക്രിയയും അടക്കമുള്ള ചികിത്സയ്ക്കു ശേഷം മുടി നഷ്ടമായതാണ് സിസ്ധുവിനെ തളർത്തിയത്. കൂട്ടുകാർ എങ്ങനെ സ്വീകരിക്കും എന്നായിരുന്നു പേടി. എന്നാൽ കെട്ടിപ്പിടിച്ചും ഉമ്മവച്ചുമാണ് അവർ സിസ്ധുവിനെ സംഗമത്തിന്റെ ഭാഗമാക്കിയത്. വിവാഹശേഷം ഭർത്താവിനൊപ്പം സിസ്ധു പ്രാവച്ചമ്പലത്തേക്ക് താമസം മാറ്റിയിരുന്നു.

ഒരുകട്ടിലിൽ ഒന്നിച്ചുകിടന്നവർ, ഒന്നിച്ചിരുന്ന് പഠിച്ചവർ, ഭക്ഷണം പങ്കിട്ടവർ. പതിറ്റാണ്ടുകൾക്ക് ശേഷമുള്ള അവരുടെ ഒന്നിച്ചുകൂടൽ കണ്ടുനിന്നവരുടെ കണ്ണു നനയിച്ചു. 1992– 2004വരെ ഹോമിൽ താമസിച്ചവരായിരുന്നു കൂടുതൽ. ഹോമിന്റെ നിലവിലെ സാഹചര്യം എത്രയോ മനോഹരമാണെന്നും തങ്ങളുടെ കാലത്ത് സാഹചര്യം മറിച്ചായിരുന്നുവെന്നും അവർ പറഞ്ഞു. 'ഇന്ന് ഇവിടെ കുട്ടികൾക്ക് എല്ലാ സൗകര്യങ്ങളുമുണ്ട്. പഠനത്തിനൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും കുറവില്ല. കലാ, കായിക മേഖലയിൽ അവർക്ക് തിളങ്ങാനാകുന്നുണ്ട്'– മുൻ അന്തേവാസിയായ സന്ധ്യ പറയുന്നു.



**സൗഹൃദത്തണലിൽ...**
ശ്രീചിത്ര ഹോമിലെ ആദ്യകാല സുഹൃത്തുക്കളോടൊപ്പം സിസ്ധു

**ഓർമപുതുക്കി സൂപ്രണ്ടമ്മ**

ശ്രീചിത്ര ഹോമിന്റെ സൂപ്രണ്ടായി ഏറ്റവും കൂടുതൽ കാലം സേവനമനുഷ്ഠിച്ച കെ സി സുമതിയും സംഗമത്തിലെത്തിയിരുന്നു. നൂറുകണക്കിനുപേർക്ക് സൂപ്രണ്ടമ്മയായിരുന്നു സുമതി. ഹോമിലെ കുട്ടികളെ ഉൾപ്പെടുത്തി ബാൻഡ് സംഘത്തിന് രൂപം നൽകിയതും നൃത്താഭ്യാസം നൽകാൻ മുൻകൈ എടുത്തതുമൊക്കെ ഈ സൂപ്രണ്ടമ്മ തന്നെ. ഹോമിലേക്ക് തിരികെ എത്തിയ ഓരോരുത്തരും സൂപ്രണ്ടമ്മയുടെ കാൽതൊട്ട് വന്ദിച്ചു. ആഹ്ലാദവും ബഹുമാനവും നിറഞ്ഞ ആ സ്നേഹപ്രകടനം അത്ര മനോഹരമായി. ഇവർക്കുപുറമേ മുൻ ജീവനക്കാരും സംഗമത്തിന് എത്തിയിരുന്നു.

# 2 വാഹനാപകടത്തിലായി 2 മരണം

## ട്രാവലറിൽ പിക്കപ്പിടിച്ച് 11 വയസ്സുകാരൻ മരിച്ചു



പാറശാലയ്ക്ക് സമീപം ഇഞ്ചിവിളയിൽ അപകടത്തിൽപ്പെട്ട ട്രാവലർ

**സ്വന്തം ലേഖകൻ**

**പാറശാല**

കന്യാകുമാരിയിലേക്ക് പോയ എറണാകുളം സ്വദേശികൾ സഞ്ചരിച്ച ട്രാവലറും പിക്കപ്പ് വാനും കൂട്ടിയിടിച്ച് 11 വയസുകാരൻ മരിച്ചു. 10 പേർക്ക് പരിക്ക്. കോതമംഗലം ചേനക്കര കീരമ്പാറ പേനേറ്റുവീട്ടിൽ ബിനുകുമാർ–ഹണി ദമ്പതികളുടെ മകൻ അഭിനവ് (11) ആണ് മരിച്ചത്. ശനി പുലർച്ചെ 3.30ഓടെ ദേശീയ പാതയിൽ പാറശാലയ്ക്ക് സമീപം ഇഞ്ചിവിളയിലാണ് അപകടം. എറണാകുളം കോതമംഗലത്തു നിന്ന് കന്യാകുമാരിയിലേക്ക് പോയ സംഘത്തിന്റെ ടെമ്പോ ട്രാവലറിൽ കന്യാകുമാരിയിൽ നിന്ന് തിരുവനന്തപുരം ഭാഗത്തേക്ക് മീൻ കൊണ്ടു വരികയായിരുന്ന പിക്കപ്പ് വാൻ ഇടിക്കുകയായിരുന്നു. ഇഞ്ചിവിള ഇറക്കത്തിലുള്ള വളവിലാണ് അപകടം. പിക്കപ്പ് അമിതവേഗത്തിലെത്തി ട്രാവലറിന്റെ മധ്യഭാഗത്തായി ഇടിക്കുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. ഇടിയുടെ ശബ്ദവും ട്രാവലറിലുണ്ടായിരുന്നവരുടെ നിലവിളിയും കേട്ട് നാട്ടുകാരാണ് ആദ്യം എത്തി രക്ഷാപ്രവർത്തനം നടത്തിയത്. തുടർന്ന് പാറശാല പൊലീസും അഗ്നിരക്ഷാസേനാംഗങ്ങളുമെത്തി പരിക്കേറ്റവരെ പാറശാല ഗവ. താലൂക്ക് ആശുപത്രിയിലെത്തിച്ചെങ്കിലും അഭിനവ് മരിച്ചു.



അഭിനവ്

ബിനുകുമാർ, ഹണി ബിനു (38), എൽദോസ് (42), ഷിബി (41), നോവ (17), ബിനു (40), അഭിഷേക് (16), കെ അജിത, അരുൾ, ഏതോൻ (10) എന്നിവരെ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലും നെയ്യാറ്റിൻകരയിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചു. അഭിനവിന്റെ മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലേക്ക് മാറ്റി. പാറശാല പൊലീസ് കേസെടുത്തു.

## കാറും ഓട്ടോക്യാബും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു



കിളിമാനൂർ തട്ടത്തുമലയ്ക്ക് സമീപം കൂട്ടിയിടിച്ച വാഹനങ്ങൾ

**സ്വന്തം ലേഖകൻ**

**കിളിമാനൂർ**

കാറും ഓട്ടോ ക്യാബും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഓട്ടോ യാത്രക്കാരിയായ വീട്ടമ്മ മരിച്ചു. പെരുമാതുറ വലിയവിളാകം മുറിപുഴയ്ക്കൽ സമീമ (63) ആണ് മരിച്ചത്. ഭർത്താവ് ഷുഹൈബ് (68)ന് ഗുരുതര പരിക്കേറ്റു. ഓട്ടോയിലുണ്ടായിരുന്ന മറ്റ് ആറുപേർക്കും ഗുരുതരമാണ്. കാറിലെ രണ്ടുപേർക്ക് നിസ്സാര പരിക്കേറ്റിട്ടുണ്ട്.

ശനി രാവിലെ 9.30 ന് കിളിമാനൂർ തട്ടത്തുമലയ്ക്ക് സമീപം മണലേത്ത് പച്ചയിലാണ് അപകടം. പെരുമാതുറയിൽനിന്ന് പത്തനാപുരത്തേക്ക് പോയ ഓട്ടോ ക്യാബും മൂവാറ്റുപുഴയിൽ നിന്ന് തിരുവനന്തപുരം ഭാഗത്തേക്ക് വന്ന കാറുമാണ് ഇടിച്ചത്. കാർ ഡ്രൈവർ ഉറങ്ങിയതാകാമെന്നാണ് പൊലീസ് നിഗമനം.

കാർ അമിതവേഗത്തിൽ ട്രാക്ക് തെറ്റിച്ച് ഓട്ടോയിലേക്ക് ഇടിച്ചുകയറുകയായിരുന്നു. സമീമയുടെ ബന്ധുക്കളായ സവാദ് (39), സാജിദ (53), ഷോഭിത (45) ഷഹദാന (26) സോലിയ (7) സുബ്ഹാൻ (6) എന്നിവർക്കും കാറിലുണ്ടായിരുന്ന മൂവാറ്റുപുഴ മുളവൂർ ഇടപ്പിഴാകിൽ വീട്ടിൽ ബേസിൽ (29), എറണാകുളം സ്വദേശി രാജേഷ് (30) എന്നിവർക്കും പരിക്കേറ്റു.



സമീമ

ഷുഹൈബ്, ഷഹദാന എന്നിവരെ മെഡിക്കൽ കോളേജ് ആശുപത്രിയിലും മറ്റുള്ളവരെ വെഞ്ഞാറമൂട്ടിലെ സ്വകാര്യ മെഡിക്കൽകോളേജിലും പ്രവേശിപ്പിച്ചു.

പൊലീസും അഗ്നിരക്ഷാസേനയും ചേർന്ന് വാഹനം വെട്ടിപ്പൊളിച്ചാണ് പരിക്കേറ്റവരെ പുറത്തെടുത്ത് ആശുപത്രിയിൽ എത്തിച്ചത്. അപകടത്തെ തുടർന്ന് അര മണിക്കൂറോളം ഗതാഗതം തടസ്സപ്പെട്ടു.

**■ ജില്ലാലൈബ്രറി കൗൺസിൽ പുസ്തകോത്സവത്തിന് തുടക്കം**

# ആവോളം വിലക്കുറവിൽ അറിവിന്റെ മേള



ജില്ലാ ലൈബ്രറി കൗൺസിൽ വികസന സമിതി പുസ്തകോത്സവം മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യുന്നു

**ജനകീയ മേളയാണിത്**



**ഒരുപാട് കാലം കാത്തിരുന്ന പുസ്തകങ്ങൾ മേളയിൽനിന്ന് വാങ്ങാനായി. നിരവധി സമാന്തര പുസ്തകപ്രസാധക ശാലകളെക്കുറിച്ച് അറിയാനും പുസ്തകങ്ങൾ പരിചയപ്പെടാനും കഴിഞ്ഞു. ശരിക്കും ജനകീയമേളയാണിത്.**

**പ്രീത അഭിലാഷ്**
**(മണപ്പുറം ഗ്രാമസ്വരാജ് ഗ്രന്ഥശാല വനിതാവേദി പ്രസിഡന്റ്)**

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

പതിനായിരക്കണക്കിന് പുസ്തകങ്ങളും നൂറുകണക്കിന് സന്ദർശകരുമായി ജില്ലാലൈബ്രറി കൗൺസിലിന്റെ പുസ്തകോത്സവം. കുട്ടികളുടെ നെൽസൺ മണ്ടേല, മാർക്സിസം കുട്ടികൾക്ക്, കുട്ടികളുടെ ഭഗത്സിങ്, കുട്ടികളുടെ നായനാർ, കുട്ടികളുടെ മാർക്സ് തുടങ്ങി ഓരോ സ്റ്റാളിലും ബാലസാഹിത്യ കൃതികൾക്കായി പ്രത്യേക സെക്ഷനുണ്ട്.

നിറയെ പുതിയ പുസ്തകങ്ങളുമായി ചിന്ത പബ്ലിഷേഴ്സിന്റെ സ്റ്റാൾ പ്രവേശന കവാടത്തിലുണ്ട്. പെരുമ്പടവം ശ്രീധരന്റെ ഏറ്റവും പുതിയ നോവലായ സ്മൃതി, പെരുമാൾ മുരുകന്റെ ആലവായൻ, നിയമ നിഘണ്ടു തുടങ്ങി പുതിയവ ചിന്ത സ്റ്റാളിലുണ്ട്.

250–ാം പതിപ്പിലെത്തിയ ബെന്യാമിന്റെ നോവൽ ആടുജീവിതം എഴുത്തുകാരന്റെ കൈയ്യൊപ്പോടെ സ്വന്തമാക്കാം. കോട്ടയം പുഷ്പനാഥിന്റെ മുഴുവൻ കൃതികൾക്കൊപ്പം ജനപ്രിയ നോവലുകളുടെ വലിയ ശേഖരം വിൽപ്പനയ്ക്കുണ്ട്. 2400 രൂപ മുഖവിലയുള്ള കുമാരനാശാന്റെ സമ്പൂർണ കൃതികൾ പുസ്തകം കുമാരനാശാൻ സാംസ്കാരിക കേന്ദ്രത്തിന്റെ സ്റ്റാളിൽ 1200 രൂപയ്ക്ക് ലഭിക്കും. പഠനങ്ങളും ഉൾപ്പെടുന്നതാണ് നാല് വാള്യം. ബാഹുബലി സീരീസും ലഭ്യമാണ്. ഇംഗ്ലീഷ് ബാലസാഹിത്യകൃതികളും നോവലുകളും കഥകളും മേളയിലുണ്ട്.

ഗ്രന്ഥശാലകൾക്ക് 35 ശതമാനവും വ്യക്തികൾക്ക് 25 ശതമാനവും വിലക്കുറവുണ്ട്. സമാന്തര, മുഖ്യധാര പുസ്തകശാലകളുടെ 120 സ്റ്റാളുണ്ട്. 16 വരെ സെന്റ്ജോഫ്സ് ഹയർസെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിലാണ് മേള.

സാംസ്കാരിക സമ്മേളനം, കവി സമ്മേളനം, കഥാപ്രസംഗം തുടങ്ങിയ പരിപാടികളും ദിവസവും നടക്കും. പുസ്തകോത്സവം മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ബി പി മുരളി അധ്യക്ഷനായി.

ജില്ലാ സെക്രട്ടറി പേരയം ശശി, ജോയിന്റ് സെക്രട്ടറി എ പി സുനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു. കെ എസ് രവികുമാർ രചിച്ച 'കടമ്മനിട്ട കവിതകളിലെ പോരാട്ടം' സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധു പാർവതി ദേവിക്ക് നൽകി പ്രകാശിപ്പിച്ചു.



കേരള കോൺഗ്രസ് (സ്കറിയ തോമസ്) തിരുവനന്തപുരം ജില്ലയുടെ ഓഫീസ് ചുമതലയുള്ള ജില്ലാ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്ത വി പത്മകുമാർ



മധുര കാമരാജ് സർവകലാശാല എംഎസ്സി എർത്ത് റിമോട്ട് സെൻസിങ് ആൻഡ് ജിയോ ഇൻഫർമേഷൻ ടെക്നോളജിയിൽ ഒന്നാം റാങ്ക് നേടിയ ആർ ഹരികൃഷ്ണൻ. കുടപ്പനക്കുന്ന് മഠത്തുവീട് ലെയിൻ കെആർഎ (ബി) 234 ശ്രീമാധവത്തിൽ എം എസ് രാജ്കുമാറിന്റെയും (റിട്ട. വിഎച്ച്എസ്ഇ) വിജയ രാജ്കുമാറിന്റെയും (റിട്ട. സീനീയർ സൂപ്രണ്ട് പാസ്പോർട്ട് ഓഫീസ്, ചെന്നൈ) മകനാണ്.

# പരിഷത്ത് ജില്ലാസമ്മേളനം

**നെയ്യാറ്റിൻകര**

ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ലാ സമ്മേളനം നെയ്യാറ്റിൻകര ഗവ. ജൂനിയർ ബേസിക് സ്കൂളിൽ കെ ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ഡോ. കാന എം സുരേശൻ 'ശാസ്ത്രബോധവും രാസഭീതിയും' എന്ന ക്ലാസെടുത്തു. നഗരസഭാ വികസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ കെ ഷിബു അധ്യക്ഷനായി. നഗരസഭാധ്യക്ഷൻ പി കെ രാജ്മോഹൻ, ഡോ. സാദത്ത്, ഡോ. രതീഷ് കൃഷ്ണൻ, എസ് എസ് സൈജു, സിനി എന്നിവർ സംസാരിച്ചു.

പ്രതിനിധി സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് കെ ജി ഹരികൃഷ്ണൻ അധ്യക്ഷനായി. ടി മുരളീധരൻ അനുശോചന പ്രമേയം അവതരിപ്പിച്ചു. എസ് രാജിത്ത് പ്രവർത്തന റിപ്പോർട്ടും എ എസ് ഷിബു വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. പരിഷത്ത് പ്രൊഡക്ഷൻ സെന്ററിന്റെ റിപ്പോർട്ട് വി ജിനുകുമാറും ഓഡിറ്റ് റിപ്പോർട്ട് പി ജയകുമാറും അവതരിപ്പിച്ചു.

കേന്ദ്രനിർവാഹകസമിതി അംഗം വി എൻ ജയചന്ദ്രൻ സംഘടനാ രേഖ അവതരിപ്പിച്ചു. സമ്മേളനം ഞായറാഴ്ച ശാസ്ത്രജാഥയോടെ സമാപിക്കും. എൽഎസ്എസ്, യുഎസ്എസ് പരീക്ഷകൾ പാഠ്യപദ്ധതി ലക്ഷ്യങ്ങൾ നേടുന്നവിധം പുനഃസംഘടിപ്പിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.



ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ സമ്മേളനത്തിൽ ഡോ. കാന എം സുരേശൻ ക്ലാസെടുക്കുന്നു

# അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ് സമാപിച്ചു

**തിരുവനന്തപുരം**

അനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിങ്, കോമിക് (എവിജിസി) രംഗത്തുനിന്നുള്ള പ്രഗത്ഭർ സംവദിച്ച ടൂൺസ് മീഡിയ ഗ്രൂപ്പിന്റെ അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റ് സമാപിച്ചു. അനിമേഷൻ ഫിലിംമേക്കറും സ്റ്റോറി ടെല്ലറുമായ സിദ്ധാർഥ് മസ്റ്റേരിയുടെ സെഷനോടെയായിരുന്നു സമ്മിറ്റിന്റെ രണ്ടാം ദിനം. രജത് ഓജ, രൂപാലി ഗട്ടി എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു.

ഡോ. മിലിന്ദ് ദാംലെ, ഡാമിയൻ പെരേയ, സഞ്ജയ് കിംസെര എന്നിവർ ഭാഗമായ പാനൽ ഡിസ്കഷനും നടന്നു.

ടൂൺസ് എഡ്യൂക്കേഷൻ സർവീസസ് എക്സിക്യൂട്ടീവ് ഡയറക്ടർ ശശികുമാർ മോഡറേറ്ററായി. സമാപനച്ചടങ്ങിൽ ഫെസ്റ്റിവൽ ഡയറക്ടർ അനീഷ് നാരായണൻകുട്ടി നന്ദി പറഞ്ഞു.



ലോട്ടറി ഏജന്റ്സ് ആൻഡ് സെല്ലേഴ്സ് യൂണിയൻ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ജനറൽ പോസ്റ്റ് ഓഫീസ് മാർച്ച്

# കേന്ദ്രനികുതി പിൻവലിക്കണം

**തിരുവനന്തപുരം**

കേരള ഭാഗ്യക്കുറിക്കുമേൽ കേന്ദ്രം ചുമത്തിയ മുഴുവൻ നികുതികളും പിൻവലിക്കണമെന്ന മുദ്രാവാക്യം ഉയർത്തി ലോട്ടറി ഏജന്റ് ആൻഡ് സെല്ലേഴ്സ് യൂണിയൻ (സിഐടിയു) ജില്ലാ കമ്മിറ്റി ജിപിഒയിലേക്ക് മാർച്ചുനടത്തി.

സിഐടിയു സംസ്ഥാന കമ്മിറ്റിയംഗം പി രാജേന്ദ്രകുമാർ ഉദ്ഘാടനം ചെയ്തു. ശ്രീരാജ് അധ്യക്ഷനായി.

എന്നാൽ, കേരള ഭാഗ്യക്കുറിക്ക് ജിഎസ്ടി, ടിസിഎസ്, ടിഡിഎസ് എന്നിങ്ങനെ മൂന്നു തരം നികുതിയാണ് കേന്ദ്ര സർക്കാർ ചുമത്തിയിരിക്കുന്നത്. കഴിഞ്ഞ ഏപ്രിൽ ഒന്നുമുതൽ 10,000രൂപയ്ക്കുമുകളിൽ വരുന്ന സമ്മാന തുകയ്ക്കും നികുതി ഏർപ്പെടുത്തി.

സംസ്ഥാന വൈസ് പ്രസിഡന്റ് പി എസ് ബിന്ദു, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ രമാഭായി, അൻഷാദ്, ജില്ലാ സെക്രട്ടറി എ അജ്മൽഖാൻ, കോവളം ബാബു, കടത്തലയ്ക്കൽ ശ്രീകുമാർ, ബാലരാമപുരം രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു.

O+ve കിഡ്നി ആവശ്യമുണ്ട്
9447278808
7025910057

വൃക്ക ആവശ്യമുണ്ട്
A+ve, A-ve, O+ve, O-ve ബ്ലഡ് ഗ്രൂപ്പിൽപ്പെട്ടതാണ് ആവശ്യം.
ബന്ധപ്പെടുക:
8921265519
9995939128

# വാർഷികവും പുരസ്കാര സമർപ്പണവും ഇന്ന്

**വർക്കല**

എം എസ് സുബ്ബുലക്ഷ്മി ഫൗണ്ടേഷനും ശ്രീകൃഷ്ണനാട്യ സംഗീത അക്കാദമിയും ചേർന്ന് നടത്തുന്ന വാർഷികാഘോഷവും പുരസ്കാര സമർപ്പണവും ഞായറാഴ്ച വർഷമേഘ കൺവൻഷൻ സെന്ററിൽ നടക്കും. സുബ്ബുലക്ഷ്മി ഫൗണ്ടേഷൻ സംഗീതരത്ന പുരസ്കാരം പാലക്കാട് ശ്രീറാമിനാണ്. മധുശ്രീ നാരായൺ, മുരളി ഗോപി, ആശാ ശരത്ത്, മണിയൻപിള്ള രാജു, വി പി ജോയി, ഗോപിനാഥ് മുതുകാട്, എസ് വി രാജേഷ്, കെ എം ധർമൻ എന്നിവർക്കാണ് മറ്റ് പുരസ്കാരങ്ങൾ. സാംസ്കാരിക സമ്മേളനവും പുരസ്കാര ദാന ചടങ്ങും മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും.

# കളരി, കേരളീയ രംഗകലകൾ ശിൽപ്പശാല 17 മുതൽ

**കോവളം**

കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ സ്ഥാപിച്ച 'കെഎസിവി കളരി അക്കാദമി'യുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് കളരിയും കേരളീയകലകളും മനസ്സിലാക്കാൻ അവസരമൊരുക്കി 'മെയ്യത്താരി' ശിൽപ്പശാല. കേരള ടൂറിസം വകുപ്പിനുകീഴിൽ കോവളം വെള്ളാറിലെ ക്രാഫ്റ്റ്സ് വില്ലേജിൽ മെയ് 17 മുതൽ 30 വരെയാണ് ശിൽപ്പശാല സംഘടിപ്പിക്കുന്നത്.

കളരിവിദഗ്ധ പത്മശ്രീ മീനാക്ഷിയമ്മ നയിക്കുന്ന കളരി പരിശീലനവും നർത്തകി കപില വേണുവിന്റെ നവരസ അഭിനയപരിശീലനവും ശിൽപ്പശാലയിൽ നടക്കും. ക്രാഫ്റ്റ്സ് വില്ലേജിലെ കലാകാരർ നടത്തുന്ന കരകൗശല നിർമാണ പരിശീലനവും കലാവതാരകരുമായുള്ള സംവാദങ്ങളും ഒരുക്കിയിട്ടുണ്ട്.

ദിവസവും വൈകിട്ട് 'ആട്ടച്ചുവട്' എന്ന ചലനകലാമേളയും നടക്കും. സംസ്ഥാനത്തെ ഏറ്റവും മികച്ച സംഘങ്ങൾ അവതരിപ്പിക്കുന്ന പൂരക്കളി, പരിചമുട്ടുകളി, പൂതനും തിറയും, കണ്ടമ്പററി കലകൾ, കഥകളി, വേലകളി, തെയ്യം, നങ്ങ്യാർ കൂത്ത്, കോൽക്കളി, നായാടിക്കളി, മുടിയേറ്റ്, പടയണി, മാർഗം കളി, ചവിട്ടുനാടകം എന്നിവയാണ് യഥാക്രമം ഓരോ ദിവസത്തെയും അവതരണങ്ങൾ.

കലാരംഗത്തെ പ്രതിഭകൾക്കാണ് ശിൽപ്പശാല. കലകളിൽ കൈവരിച്ച നേട്ടങ്ങളടങ്ങുന്ന ബയോഡാറ്റ പരിശോധിച്ച് വിദഗ്ധപാനൽ ചുരുക്കപ്പട്ടിക തയ്യാറാക്കി ഓൺലൈൻ വഴി ആശയവിനിമയം നടത്തിയാണ് പങ്കെടുക്കുന്നവരെ തെരഞ്ഞെടുക്കുക.

# കല എല്ലാവരെയും ഒരുമിപ്പിക്കുന്നു: ഷാജി എൻ കരുൺ



എൻജിഒ യൂണിയന്റെ വജ്രജൂബിലി സമ്മേളനത്തോടനുബന്ധിച്ച് സ്കൂൾ വിദ്യാർഥികൾക്കായി നടത്തിയ ചിത്ര രചനാ മത്സരം ഷാജി എൻ കരുൺ ഉദ്ഘാടനം ചെയ്യുന്നു

**തിരുവനന്തപുരം**

മനുഷ്യനെ ഒരുമിപ്പിക്കുകയാണ് കലയുടെ ലക്ഷ്യമെന്ന് കെഎസ്ഡിഎഫ്സി ചെയർമാൻ ഷാജി എൻ കരുൺ.

കല എന്തിനുവേണ്ടി എന്ന് നാം തിരിച്ചറിയണം. കാണുന്ന കാഴ്ചകൾ മറക്കാനുള്ളതല്ല. അത് ഓർമയിൽ സൂക്ഷിച്ചു വയ്ക്കാനുള്ളതാണെന്നും അദ്ദേഹം പറഞ്ഞു. എൻജിഒ യൂണിയന്റെ വജ്രജൂബിലി സമ്മേളനത്തോടനുബന്ധിച്ച് വിദ്യാർഥികൾക്കായി നടത്തിയ ചിത്ര രചനാ മത്സരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാരയ്ക്കാമണ്ഡപം വിജയകുമാർ അധ്യക്ഷനായി. എൻജിഒ യൂണിയൻ ജനറൽ സെക്രട്ടറി എം എ അജിത് കുമാർ, കെ എം സക്കീർ എന്നിവർ പങ്കെടുത്തു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നായി നൂറോളം വിദ്യാർഥികൾ പങ്കെടുത്തു.

BSc NURSING
(INC, KNC, RUGHS APPROVED
19 വർഷത്തെ സേവന പാരമ്പര്യമുള്ള ബാംഗ്ലൂരിലെ PRAGATHI കോളേജ് ഓഫ് നഴ്സിംഗിൽ അഡ്മിഷൻ നേടാം
താമസം , ഭക്ഷണം ഉൾപ്പടെ പ്രതിവർഷം1,50,000/-മാത്രം
കോളേജ് കാണുവാൻ QR കോഡ് സ്കാൻ ചെയ്യുക
Promise EDUCATIONAL SERVICES
FOR SPOT അഡ്മിഷൻ 9747100333 / 9745177728

WANTED
RELATIONSHIP MANAGERS
Age: 30-50 (M/F), Salary: 360,000 (PA)
Job Role: Insurance Sales, Advisor Recruitment, Training & Development
സെയിൽസ് മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധം
PROFICIENT THE INSURANCE EXPERT MG Road, Thrissur - 680004
0487 299 5988
9633 988 988
Send your CV to hr@theproficient.in